(ബി) ലെവി സമ്പ്രദായം പരീക്ഷണ ഘട്ടത്തിലാണ്. അതിന്റെ ജയാപജയങ്ങൾ അറിഞ്ഞതിനുശേഷമേ അതിൽ ഒരു തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

കയർ വ്യവസായ തൊഴിലാളികൾ

1630. [2445] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ രംഗത്ത് എത്ര ലക്ഷം തൊഴിലാളികൾ പണി എടുക്കുന്നുണ്ട് ;

(ബി) അതിൽ സഹകരണ രംഗത്ത് എത്ര ശതമാനംപേർ ജോലി ചെയ്യുന്നു ;

(സി) ചെറുകിട രംഗത്തും സ്വന്തമായും ജോലി ചെയ്യുന്ന തൊഴിലാളികളെ ഗവൺമെന്റ് ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ ?

ഉത്തരം

(എ) 4.30 ലക്ഷം

(ബി) ഏകദേശം 24 ശതമാനം

(സി) ചെറുകിട കയറുൽപ്പാദകരെ സഹായിക്കുന്നതിനുവേണ്ടി അവരുടെ യൂണിറ്റുകളുടെ 6 സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രസ്തുത സംഘങ്ങൾക്ക് സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾ ചെയ്തുവരുന്നു.

ആർട്ടിസാൻ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വ്യാവസായികോൽപ്പാദന യൂണിറ്റുകൾ

1631. [2448] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എത്ര പ്രാഥമിക വ്യാവസായികോൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിന്റേയും മുതൽ മുടക്കെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഴ്

(ബി)

	പേര്	മൊത്തം മുതൽമുടക്ക്
(1)	ആർട്ടിസാൻസ് വനിതാ ഇൻഡസ്ട്രിയൽ യൂണിറ്റ്, ചങ്ങനാശ്ശേരി	50,000
(2)	മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്, കടുതുരുത്തി	1,19,000
(3)	കൃഷ്ണാ ഫൈനാൻസ്, ചങ്ങനാശ്ശേരി	1,20,000
(4)	ആർട്ടിസാൻസ് വനിതാ പ്രിന്റിംഗ് ആൻഡ് ബയൻറിംഗ് സെൻറർ, വാകത്താനം	73,970
(5)	ആർട്ടിസാൻസ് വനിതാ ഇൻഡസ്ട്രിയൽ യൂണിറ്റ്, വെച്ചൂർ	1,00,000
(6)	അയർകുന്നം ആർട്ടിസാൻസ് കാർപ്പൻറി യൂണിറ്റ്	1,47,000
(7)	ശ്രീമതി വുഡ് ഇൻഡസ്ട്രീസ്, വെള്ളൂർ.	91,900

ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിലാരംഭിച്ച ഉൽപ്പാദന യൂണിറ്റുകൾ

1632. [2449] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിൽ എത്ര ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) ഇതുവരെ എത്രയെണ്ണം ആരംഭിച്ചു ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ വികസന കേന്ദ്രങ്ങളുടെ കീഴിൽ 20 എണ്ണം വീതം മൊത്തം 60 യൂണിറ്റുകൾ.

(ബി) കോട്ടയം ജില്ലയിൽ 7 എണ്ണം പ്രവർത്തനം ആരംഭിക്കുകയും 13 എണ്ണം സംഘടിപ്പിക്കുകയും ചെയ്തു. മലപ്പുറത്ത് 13-ഉം കണ്ണൂരിൽ 20-ഉം യൂണിറ്റുകൾ സംഘടിപ്പിച്ചു. ഇതിൽ കണ്ണൂർ ജില്ലയിൽ 4 എണ്ണത്തിന്റെയും മലപ്പുറം ജില്ലയിൽ 4 എണ്ണത്തിന്റെയും, കോട്ടയം ജില്ലയിൽ 2 എണ്ണത്തിന്റെയും പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകളുടെ പരിഗണനയിലിരിക്കുന്നു. ബാക്കിയുള്ളവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കേരള ആർട്ടിസാൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ

1633. [2450] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആർട്ടിസാൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly